(ബി) പൊതുവിതരണത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാന സർക്കാർ നേരിട്ട് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ഭക്ഷ്യധാന്യങ്ങൾ എവിടെ നിന്നെല്ലാം സംഭരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു മാസത്തേയ്ക്ക് 1,45,697 മെ:ടൺ അരി അനുവദിച്ചു കിട്ടുന്നുണ്ട്.

(ബി) നിലവിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുന്നില്ല. ഈ കാര്യം പരിഗണനയിലുണ്ട്.

(സി) അരി ആന്ധ്രയിൽ നിന്നും ഗോതമ്പ് പഞ്ചാബിൽ നിന്നും പഞ്ചസാര തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നതിനെക്കുറിച്ചാണ് പരിഗണിക്കുന്നത്.

കരീലക്കുളങ്ങരയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു സ്ഥാപനം

143 (1078) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരീലക്കുളങ്ങരയിൽ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഒരു സ്ഥാപനം, സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കി നടത്തണമെന്ന കായംകുളം എം.എൽ.എ.യുടെ നിവേദനത്തിന്മേൽ നടപടി ഉണ്ടാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ബി) ഈ സ്ഥാപനം പണി ആരംഭിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെയുള്ള മാവേലിസ്റ്റോർ അപ്ഗ്രേഡ് ചെയ്യുമോ ?

ഉത്തരം

(എ & ബി) നിവേദനം ലഭിച്ചതായി കാണുന്നില്ല.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം

144 (1079) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ളതുപോലെ നിലനിർത്തണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ളതുപോലെ തുടരുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly